**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീ അബ്ദുൾ ഖാദർ & ഷജിന, കാദർ മൻസിൽ മണ്ണൂർ വെസ്റ്റ്, വേങ്ങശ്ശേരി, എന്നിവർ നവകേരള സദസ് മുമ്പാകെ നൽകിയ പരാതി
2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 29/01/2024 തിയതിയിലെ തീരുമാനം

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 29/01/2024</u>**

ശ്രീ അബ്ദുൾ ഖാദർ & ഷജിന, കാദർ മൻസിൽ മണ്ണൂർ വെസ്റ്റ്, വേങ്ങശ്ശേരി, എന്നിവർ നവകേരള സദസ് മുമ്പാകെ, മങ്കര ഗ്രാമപഞ്ചായത്തിൽ നിന്നും, ലേ ഔട്ട് ഡവലപ്മെന്റ് പെർമിറ്റ് ഇല്ലാതെ പ്ലോട്ട് ഡിവിഷൻ നടത്തിയതിനാൽ കെട്ടിടനിർമാണാനുമതി അനുവദിച്ചില്ലെന്നും ഈ പ്രശ്നം പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ പരാതി പരിശോധിച്ചു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. ഈ സ്ഥലം പടിഞ്ഞാർക്കര സ്പെൻസിങ് ഗാർഡൻ എന്ന പ്രൊജക്റ്റിൽ ഉൾപ്പെട്ടതാണ്. ലേ ഔട്ട് ഡവലപ്മെന്റ് പെർമിറ്റ് ഇല്ലാതെ പ്ലോട്ട് ഡിവിഷൻ നടത്തിയതിൻമേൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി കത്ത് നൽകിയതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സമാനമായ ഒരു അപേക്ഷ ഈ അദാലത്ത് സമിതിയിൽ നിന്നും ESCALATE ചെയ്ത് സംസ്ഥാന അദാലത്ത് സമിതിയുടെ പരിഗണനയിൽ ഉള്ളതുമാണ്. ആയതിനാൽ സർക്കാരിൽ നിന്നും ഇത് സംബന്ധിച്ച സ്പഷ്ടീകരണം ലഭ്യമാകുന്ന മുറക്കോ, മറ്റ് ഉത്തരവുകൾ ലഭിക്കുന്ന മുറക്കോ തുടർനടപടികൾ സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു..

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട്

പകർപ്പ്: ശ്രീ അബ്ദുൾ ഖാദർ & ഷജിന, കാദർ മൻസിൽ മണ്ണൂർ വെസ്റ്റ്, വേങ്ങശ്ശേരി